www.malankaralibrary.com

ഫെബ്രുവരി
2023
ലക്കം 2

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



## യുവജനങ്ങളെ ഉണരൂ, തിടുക്കത്തിൽ ഒന്നിച്ച് മുന്നേറാം

www.malankaralibrary.com



# എഡിറ്റോറിയൽ

## യുവജനങ്ങളെ, ഉണരൂ തിടുക്കത്തിൽ ഒന്നിച്ചു മുന്നേറാം..

യുവത്വം എപ്പോഴും തിടുക്കത്തിന്റെ ഒരു കാലഘട്ടമാണ്. വളരെ പെട്ടെന്ന് തീരുമാനങ്ങൾ എടുക്കുന്നതും ഈ കാലഘട്ടത്തിലാണ്. എന്നാൽ സഭ നമ്മെ ഓർമ്മിപ്പിക്കുന്നു ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ, സഭയോടുള്ള ബന്ധത്തിൽ, സമൂഹത്തോടുള്ള പ്രതിബദ്ധതയിൽ നാം കുറച്ചുകൂടി തിടുക്കത്തിൽ മുന്നേറുക എന്ന്.

എലിസബത്തിനെ സന്ദർശിക്കുമ്പോൾ പരിശുദ്ധ അമ്മയ്ക്കുണ്ടായ ഒരു തിടുക്കം, ദേവാലയത്തിൽ സുവിശേഷം പ്രസംഗിക്കുവാൻ യേശുവിന് ഉണ്ടായ തിടുക്കം, തന്റെ ശിഷ്യന്മാരെ തെരഞ്ഞെടുത്തപ്പോഴും, ലോകം മുഴുവൻ സുവിശേഷം പ്രഘോഷിച്ചപ്പോഴും ക്രിസ്തുവിനുണ്ടായ ആ തിടുക്കം നമ്മിലും പ്രതിഫലിക്കുവാൻ സാധിക്കണം.

യുവത്വത്തിന്റെ എല്ലാവിധ ആഘോഷങ്ങളിലും ഉൾച്ചേർന്ന ഒരു ചെറുപ്പക്കാരൻ ഒരു നിമിഷം ക്രിസ്തുവിനെ തന്റെ ഉള്ളിലേക്ക് സംവഹിച്ചപ്പോൾ അവനുണ്ടായ ഒരു തിടുക്കത്തിൽ നിന്ന് ഫ്രാൻസിസ് എന്ന സാധാരണക്കാരനായ ചെറുപ്പക്കാരൻ വിശുദ്ധനായ ഫ്രാൻസിസ് അസ്സീസിയിയായി മാറിയത് പോലെ നമുക്കും ആ വിശുദ്ധിയുടെ മാറ്റം ഉൾക്കൊള്ളാം.

എം.സി.വൈ.എം. പ്രസ്ഥാനത്തിൽ നാം ഒന്നിച്ചായിരിക്കുമ്പോൾ പല കാര്യങ്ങളും കുറച്ചുകൂടി തിടുക്കത്തിലും വേഗത്തിലും ആയിരിക്കാം. ക്രിസ്തുവിനെ അറിയാത്ത അനേകം പേർക്ക് ക്രിസ്തുവിനെ പകർന്നുനൽകുവാനും, വേദനിക്കുന്നവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ വേദനകൾ ഒപ്പുവാനും സമൂഹത്തിൽ ശബ്ദമില്ലാത്തവന്റെ ശബ്ദമായി അവർക്ക് വേണ്ടി ശബ്ദിക്കുവാനും നമുക്ക് തിടുക്കത്തോടെ ഇറങ്ങി പുറപ്പെടാം...

ഗസ്തമനിൽ പ്രാർത്ഥിക്കുമ്പോൾ യേശു ശിഷ്യന്മാരോട് പറയുന്നുണ്ട് ''നിങ്ങൾ എന്നോടൊപ്പം ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ'', നമുക്കും അവന്റെ ഒപ്പം 'തിടുക്കത്തിൽ ഉണർന്ന് പ്രാർത്ഥിക്കാം,'.

ദൈവം അനുഗ്രഹിക്കട്ടെ....

സ്നേഹപൂർവ്വം
**സുബിൻ തോമസ്**
സഭാതല ജനറൽ സെക്രട്ടറി
ചീഫ് എഡിറ്റർ



www.malankaralibrary.com



# Presidential Desk

**കാ**ലത്തിന്റെ നൂതനമായ മാറ്റങ്ങൾക്കനുസരിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭ ഈ വർഷം യുവജനങ്ങൾക്കായി ആഹ്വാനം ചെയ്തിരിക്കുന്നത് അതിവേഗം ഉണർന്ന് തിടുക്കത്തിലുള്ള ഒരു യാത്രയാണ്. കഴിഞ്ഞ ഒരു വർഷക്കാലം യുവജനങ്ങൾ സഹയാത്രികരായിരിക്കണം എന്ന് സഭാ ആവശ്യപ്പെട്ടു. ആ സഹയാത്രികത്വത്തിന്റെ മറ്റൊരു രൂപമാണ് ഇന്നത്തെ ഈ തിടുക്കവും ഒപ്പം പെട്ടെന്നുള്ള ഉണരലും. ക്രിസ്തു കേന്ദ്രീകൃതമായ യുവജന ശുശ്രൂഷയിൽ ക്രിസ്തുവിന്റെ തീക്ഷ്ണത യുവജനങ്ങളിൽ നിന്ന് സഭ ആഗ്രഹിക്കുന്നുണ്ട്. യുവത്വം മനോഹരമായ കാലഘട്ടമാണെന്നും യുവജനങ്ങൾ സഭയുടെ ശക്തിയാണ് എന്നുമുള്ള ഉത്തമമായ ബോധ്യത്തിൽ നിന്നാണ് ഈ പഠന വിഷയം നമുക്കായി സഭ നൽകുന്നത്. തീക്ഷ്ണതയുള്ള യുവജനങ്ങളെയാണ് സഭ നമ്മിൽ നിന്ന് ആഗ്രഹിക്കുക. പരിശുദ്ധ അമ്മയുടെ തീക്ഷ്ണത വിശുദ്ധ ബൈബിളിലെ കേന്ദ്രബിന്ദുവായി നമുക്ക് കണക്കാക്കാം. തന്റെ മാതൃസഹോദരി ഉദരത്തിൽ ഒരു കുഞ്ഞിനെ വഹിക്കുന്നു എന്നറിയുമ്പോൾ കർത്താവ് ചെയ്ത കാരുണ്യത്തെ പ്രതി, തന്റെ ആരോഗ്യം പോലും അവഗണിച്ചുകൊണ്ട് മലയിലേക്ക് തിടുക്കത്തിലൂടെ നടക്കുന്ന ഒരു യാത്ര. അനുകൂല സാഹചര്യങ്ങളെ അല്ല പ്രവർത്തിക്കാനുള്ള മനസ്സിനെയാണ് പരിശുദ്ധ അമ്മ അവിടെ കാണിച്ചു തരുന്നത്. അപ്രകാരം പ്രത്യേകിച്ച് ഈ യുവത്വ കാലത്ത് നാം ആർജ്ജിച്ചെടുക്കേണ്ട തീക്ഷത വളരെ വലുതാണ്. നമ്മുടെ സഭാ പിതാക്കന്മാരോട് ചേർന്ന്, വിശുദ്ധ ബൈബിളിൽ നിന്ന് ശക്തി സ്വീകരിച്ചുകൊണ്ട് പരിശുദ്ധാത്മാവിനെ ഉൾക്കൊണ്ടുകൊണ്ട് വേണം ഈ യാത്ര നടത്തുവാൻ. വരുന്ന ഒരു വർഷക്കാലം സാഹചര്യങ്ങളോട് പെട്ടെന്ന്, സമൂഹത്തിന് യോജിച്ചവിധത്തിൽ പ്രതികരിക്കുവാനും നന്മയെ പ്രോത്സാഹിപ്പിക്കുവാനും നീതിയിലേക്ക് ഇറങ്ങിത്തിരിക്കുവാനും നമുക്ക് കഴിയട്ടെ. നല്ല കർമ്മപദ്ധതികൾ ആശംസിക്കുന്നു ആഗ്രഹിക്കുന്നു.

**എയ്ഞ്ചൽ മേരി**
എം.സി.വൈ.എം. പ്രസിഡന്റ്



www.malankaralibrary.com





**അലക്സ് ഇരുമ്പിനിക്കൽ**
പ്രസിഡന്റ്
എം.സി.വൈ.എം. ഒമാൻ റീജിയൺ

# 'ചിറകറ്റ യുവത്വവും, പറക്കാൻ ബാക്കിയുള്ള ആകാശവും'

**'നിങ്ങൾ നടക്കണം, നിങ്ങളുടെ നടത്തത്തിലൂടെ വഴി സൃഷ്ടിക്കുക; അല്ലാതെ നിങ്ങൾ ഒരു സുഗമമായ പാത കണ്ടെത്തുകയില്ല. തിരിച്ചറിവിന്റെ ആത്യന്തികമായ സാക്ഷാത്കാരത്തിലേക്കെത്തുക എന്നത് അത്ര വില കുറഞ്ഞതല്ല. നിങ്ങൾ സ്വയം നടന്ന് പാത സൃഷ്ടിക്കേണ്ടിവരും; ഇത് ആകാശം പോലെയാണ്: പക്ഷികൾ പറക്കുന്നു, പക്ഷേ അവ കാൽപ്പാടുകളൊന്നും അവശേഷിപ്പിക്കുന്നില്ല. നിങ്ങൾക്ക് അവരെ പിന്തുടരാനാവില്ല; അവിടെ കാൽപ്പാടുകൾ അവശേഷിക്കുന്നില്ല'.**

**- ഓഷോ**

ഒരിക്കൽ ഒരു ഡോക്ടറിനെ കാണാൻ ഒരു മകൻ വന്നു. ആ മകൻ ഡോക്ടറിനോട് പറഞ്ഞു, 'എന്നെ എത്രയും വേഗം വിടണം. എനിക്ക് എന്റെ അപ്പനൊപ്പം ഭക്ഷണം കഴിക്കാൻ ഉള്ള സമയമാണ്' എന്ന്. അപ്പോൾ ആ ഡോക്ടർ തിരിച്ചു ചോദിച്ചു, എന്താണ് ഇത്ര നിർബന്ധം എന്ന്? ആ മകൻ മറുപടി പറഞ്ഞു, 'എന്റെ പിതാവിന് അൾഷിമേഴ്സ് ആണ്, ആരെയും തിരിച്ചറിയാൻ സാധിക്കില്ല'. അപ്പോൾ ഡോക്ടറിന് വീണ്ടും സംശയം. 'താങ്കളെ തിരിച്ചറിയാൻ പോലും പറ്റുന്നില്ലെങ്കിൽ പിന്നെ എന്തിനാണ് ഇത്ര ധൃതിയെന്ന്. അപ്പോൾ ആ മകൻ പറഞ്ഞ മറുപടി ശ്രദ്ധേയമാണ്. 'പിതാവിന് എന്നെ മനസ്സിലായില്ലെങ്കിൽ പോലും അത് എന്റെ പിതാവ് ആണെന്നുള്ള തിരിച്ചറിവ് എനിക്ക് ഉണ്ടല്ലോ'.

പലപ്പോഴും ഈ തിരിച്ചറിവ് ഇല്ലാതെയാണ് നാം വളർച്ചയുടെ പടവുകൾ വ്യഗ്രതയിൽ ചാടിക്കയറുന്നത്.

www.malankaralibrary.com



## തിരിച്ചറിവ്

ഇന്ന് നമ്മുടെ പ്രസ്ഥാനം 55 വർഷങ്ങൾ പിന്നിടുമ്പോൾ മലങ്കര കത്തോലിക്കാ സഭാമക്കളായ നാമേവരും പലതരത്തിലുള്ള തിരിച്ചറിവുകൾ അന്വേഷിക്കുന്നവരും കണ്ടെത്താൻ പ്രയത്നിക്കുന്നവരുമാണ്.

- പിതാവായ ദൈവത്തെ തിരിച്ചറിയുക
- സ്വയം തിരിച്ചറിയുക
- സഭയെയും പ്രസ്ഥാനത്തേയും തിരിച്ചറിയുക
- അപരനെ തിരിച്ചറിയുക

മുകളിൽ പറഞ്ഞ പ്രകാരം തിരിച്ചറിവുകൾ ഇങ്ങനെ നീളുകയാണ്.............

മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനം, എം.സി.വൈ.എം. ന്റെ ഭാഗമായ നാം ഈ തിരിച്ചറിവുകളെ പറ്റി ഒരു വിചിന്തനം നടത്താൻ ഇനിയും വൈകരുത്.

തിരിച്ചറിവ് നഷ്ടപ്പെടാത്ത ഒരു വ്യക്തിയാണോ ഞാൻ?

തിരിച്ചറിവുകൾ നഷ്ടപ്പെടാത്ത ഒരു സമൂഹത്തിൽ ആണോ ഞാൻ ഇന്ന് ജീവിക്കുന്നത്?

ഇതിന് കിട്ടുന്ന ഉത്തരം പോസിറ്റീവ് അല്ലായെങ്കിൽ പിന്നെ പാരമ്പര്യവും മഹിമയും ഉയർത്തിക്കാട്ടി പ്രദർശനം ചെയ്യുന്നതിൽ എന്ത് കഴമ്പാനുള്ളത്. പലപ്പോഴും തിരിച്ചറിവുകൾ ഇല്ലാത്ത വെറും പുറം മോടി മാത്രമുള്ള ഒന്നായി മാറുന്നുണ്ടോ നമ്മുടെ യുവജന സമൂഹം?

ഒപ്പമുള്ളവനെ, അപരനെ, സഹോദരനെ തിരിച്ചറിയാൻ സാധിക്കാത്തപക്ഷം നിന്റെ സ്വർഗ്ഗസ്ഥനായ പിതാവിനെ നീ എപ്രകാരം തിരിച്ചറിയും? ഈ തിരിച്ചറിവുകൾ നഷ്ടപ്പെട്ടതിന്റെ ഫലമായുള്ള പല പ്രശ്നങ്ങളും കഴിഞ്ഞ കുറെ കാലങ്ങളായി നമ്മുടെ യുവജനതയുടെ ഉള്ളിൽ അലയടിക്കുന്നു. വി. കുർബാന സ്വീകരിച്ച പല നാവുകളും ഇന്ന് ചില മൂടുപടത്തിനുള്ളിൽ മറ്റു പല അപശ്രുതികളും മീട്ടുകയാണ്. വിശുദ്ധ മൂറോനാൽ അഭിഷേകം ചെയ്യപ്പെട്ട ശിരസുകൾ ശിരസ്സില്ലാത്ത ചില വിഗ്രഹങ്ങൾക്കായി കുനിക്കപ്പെടുകയാണ്. ദൈവാലയത്തിന്റെ പടികൾ ചവിട്ടിയിട്ടുള്ള പാദങ്ങൾ ഇന്ന് ചരിക്കുന്നത് വികല ആശയധാരയിലാണ്. ഇത് സംഭവിക്കുന്നത് ഏത് തിരിച്ചറിവ് നഷ്ടപ്പെട്ടത് കൊണ്ടാണ്? ആയതിനാൽ ഇത്തരം വികലതയുടെ മറപറ്റാതെ, തിരിച്ചറിവിന്റെ പാത സ്വയം നടന്ന് സൃഷ്ടിക്കേണ്ടിയിരിക്കുന്നു.


യുവജനങ്ങളെ ഉണരൂ.., തിടുക്കത്തിൽ ഒന്നിച്ചു മുന്നേറാം എന്ന ആശയവുമായി മുന്നേറുമ്പോൾ ആ മുന്നേറ്റം തിരിച്ചറിവിന്റെയും മുന്നേറ്റമാവട്ടെ...

യുവജനങ്ങൾ ഉണരുമ്പോൾ ആ ഉണർവ്വ് തിരിച്ചറിവിന്റെ ലോകത്തിൽ ആവട്ടേ...

സ്വയം തിരിച്ചറിഞ്ഞുകൊണ്ട് സ്വർഗസ്ഥനായ പിതാവിനെയും സഭയെയും പ്രസ്ഥാനത്തേയും അപരനെയും തിരിച്ചറിഞ്ഞുകൊണ്ട് ചെറുപ്പത്തിലും യൗവനത്തിലും നടക്കേണ്ട വഴി നമുക്ക് അഭ്യസിക്കാം....



# നോമ്പുകാല ചിന്തകൾ



**ഷാനിമോൾ സനു**
ട്രഷറർ
തിരുവല്ല അതിഭദ്രാസനം

**"മാനസാന്തരത്തിന്റെയും യഥാർത്ഥ വഴികളിലൂടെ പരിശുദ്ധാത്മാവ് നമ്മെ നയിക്കട്ടെ, അതു വഴി ദൈവവചനം എന്ന ദാനം വീണ്ടും കണ്ടെത്തുന്നതിനു നമുക്ക് കഴിയും"**
**- ഫ്രാൻസിസ് മാർപാപ്പ**

**നോ**മ്പ് കാലം മാനസാന്തരത്തിന്റെയും അനുതാപത്തിന്റെയും ഉണർവിന്റെയും സമയമാണ്. അതിന് നമ്മെ പ്രാപ്തരാക്കുന്നത് പരിശുദ്ധാത്മാവാണ്. ഈ കാലയളവിൽ പരിശുദ്ധാത്മാവിന്റെ ഹിതമനുസരിച്ച് നമ്മുടെ ജീവിതത്തെ നാം ക്രമപ്പെടുത്തേണ്ടിയിരിക്കുന്നു. യുവജനങ്ങളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രകാശമേകുവാൻ 2023 ലെ പഠന വിഷയമായ 'യുവജനമേ ഉണരൂ, തിടുക്കത്തിൽ ഒന്നിച്ച് മുന്നേറാം' എന്ന ശക്തമായ വചസ്സുകൾ ഈ നോമ്പ് കാലത്ത് വളരെയേറെ അനുഗ്രഹവും അതിലേറെ ശക്തിയുമാണ് പ്രദാനം ചെയ്യുന്നത്.

ഒരുമയുടെ സ്നേഹസ്പന്ദനം ഈ നോമ്പനുഭവത്തിൽ ആവോളം ആർജിച്ചെടുക്കുവാൻ സാധ്യമാകും. നോമ്പവസരം അവയ്ക്കുള്ള വാതായനമാകട്ടെ.

### 1. ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ

പരിശുദ്ധ മറിയം വചനമാകുന്ന ദൈവത്തെ കണ്ടുമുട്ടിയപ്പോൾ മുതൽ അവളുടെ ജീവിതത്തിന് പുതിയ ഒരു അർത്ഥതലം കടന്നുവരികയാണുണ്ടായത്.

പരിശുദ്ധമായ ഈ നോമ്പുകാലം വചനമാകുന്ന ദൈവത്തെ അനുനിമിഷം കണ്ടെത്തുവാനുള്ള വാതായനമായി മാറുക തന്നെയാണ് ചെയ്യുന്നത്.

www.malankaralibrary.com



**2. ദൈവപുരുഷന്മാരെ ശ്രവിക്കുക:**

ദൈവദൂതന്റെ വചനം പരിശുദ്ധ മറിയത്തിന്റെ കർണ്ണപുടത്തിൽ പതിച്ചപ്പോൾ അവൾ നൽകിയ വിധേയത്വത്തിന്റെയും സമർപ്പണത്തിന്റെയും അനന്തരഫലമാണ് ദൈവസ്നേഹം ലോകത്തിൽ മനുഷ്യനായി അവതരിച്ചത്. വിശുദ്ധ ഗ്രന്ഥത്തിൽ ദൈവദൂതനോടൊപ്പം കീർത്തനമാലപിച്ച മൂന്ന് യുവാക്കന്മാർ തീജ്വാലകളുടെ മധ്യേ തന്റെ ദൈവത്തെ മഹത്വപ്പെടുത്തി. നോമ്പിന്റെ ഈ കാലയളവിൽ ദൈവസന്നിധിയിൽ പൂർണ്ണമായുള്ള സമർപ്പണം നമ്മെ ദൈവോന്മുഖരാക്കുക തന്നെ ചെയ്യും.

**3. ദൈവിക അടയാളങ്ങൾ തിരിച്ചറിയുക.**

നക്ഷത്രങ്ങളെ നോക്കി പുറപ്പെട്ട രാജാക്കന്മാർ ദൈവികമായ അടയാളങ്ങളിൽ വിശ്വാസമർപ്പിച്ചു. അനുദിന ജീവിതത്തിലുണ്ടാകുന്ന സഹനങ്ങളിലും വേദനയിലും ദൈവിക പദ്ധതി കണ്ടുകൊണ്ട് അവയെല്ലാം സ്വർഗ്ഗീയ അടയാളങ്ങളായി തിരിച്ചറിയുവാൻ ഈ നോമ്പുകാലം പ്രാപ്തമാകട്ടെ.

**4. ക്രിയാത്മകവും സഹകരണാത്മകവുമായ തുടക്കം:**

പരിശുദ്ധ മറിയത്തിന്റെ തുറവി ദൈവീക പദ്ധതികളോടുള്ള താല്പര്യവും ആകാംക്ഷയുമായിരുന്നു. പരിശുദ്ധമായ നോമ്പ് കാലത്തിലൂടെ കടന്നുപോകുമ്പോൾ ഉപവാസത്താലും പ്രാർത്ഥനയാലും നമ്മെത്തന്നെ സ്ഫുടം ചെയ്യുമ്പോൾ നമ്മിലെ ഇരുളാർന്ന കാർമേഘം നീങ്ങി നിർമ്മലമായ വാനവിതാനമാണ് സൃഷ്ടിക്കപ്പെടുന്നതെന്ന് നമുക്ക് ബോധ്യമാവുക തന്നെ ചെയ്യും.

**5. പരിശുദ്ധാത്മ ശക്തിയാൽ എഴുന്നേൽക്കുക:**

നമ്മെ സജ്ജരാക്കുന്നതിനും നമ്മിൽ പരിവർത്തനങ്ങളുടെ മാറ്റൊലിയുണ്ടാക്കുന്നതിനും പരിശുദ്ധമായ ഈ നോമ്പ് അവസരമൊരുക്കുന്നു. എന്നാൽ ഈ അവസരത്തെ അനുവർത്തനമായി മാറ്റുമ്പോഴാണ് ലഭ്യമായ അവസരം ജീവനുള്ളതായി മാറുന്നത്. അതിനായി പരിശുദ്ധാത്മാവിന്റെ ശക്തി അനിവാര്യം തന്നെയാണ്. അതിനാൽ ഈ ശക്തി സ്വാംശീകരിച്ച് പുത്തൻ അഭിഷേകത്തോടെ വിശുദ്ധമായ ജീവിതം പടുത്തുയർത്താം.



www.malankaralibrary.com

# ന്യൂസിലാന്റ്



**സണ്ണി ജോൺ അലക്സാണ്ടർ**
ന്യൂസിലാന്റ്

'ഭാരതത്തിൽ നിന്നും വിദേശ രാജ്യങ്ങളിലേക്ക് കുടിയേറി പാർക്കുന്ന യുവതലമുറയുടെ ഒരു കേന്ദ്ര മായി മാറിയ ന്യൂസിലാന്റ്. (AOTEAROA)'

രണ്ടു ചെറു ദ്വീപുകൾ മാത്രം കൂടിച്ചേർന്ന ഒരു കൊച്ചു രാജ്യം. MAORI എന്ന പ്രാചീന ഗോത്ര വർഗ ക്കാരുടെ സ്വദേശമെങ്കിൽ കൂടി, കിവികളുടെ നാട് എന്നാണ് ഈ രാജ്യം അറിയപ്പെടുന്നത്.

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഇന്ന് ന്യൂസിലാന്റിലും പടർന്നു പന്തലിക്കുകയാണ്. സർവ്വ ശക്തനായ ദൈവത്തിന്റെ കരുതൽ ഈ സഭയുടെ വളർച്ചയിൽ നാം നിരന്തരം അനുഭവിച്ചുകൊണ്ടിരി ക്കുന്നു. മലങ്കര യുവജന പ്രസ്ഥാനം ഈ മണ്ണിൽ ശക്തമായി വേരുറപ്പിച്ച ഒരു കാലഘട്ടമായിരുന്നു കഴി ഞ്ഞുപോയ രണ്ടു വർഷക്കാലം. അതിനു മുന്നോടി യായി ഇവിടെയുള്ള മലങ്കര യുവതി-യുവാക്കളെ ഒന്നിച്ചു ചേർത്തു കൊണ്ട് 2020 ജൂലൈ 25-ാം തീയതി ഒരു വാട്ട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയും അതിലൂടെ ഈ രാജ്യത്തിന്റെ നാനാഭാഗങ്ങളിലായിരിക്കുന്ന യുവതയെ ഒരുമിച്ച് ഒരു കുടക്കീഴിൽ ചേർക്കുവാൻ നമുക്ക് സാധിക്കുകയും ചെയ്തു. 2020 ഒക്ടോബർ 4-ാം തീയതി, എം.സി.വൈ.എം. ന്റെ സ്വർഗ്ഗീയ മദ്ധ്യ സ്ഥനായ വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിനത്തിൽ യുവജനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ഒരുമിച്ച് കൂടുകയും , ഓഷ്യാനിയയുടെ മണ്ണിൽ മലങ്കര സഭയുടെ വളർച്ചക്ക് ആക്കം കൂട്ടുവാൻ യുവജനതയെ ഒരുമിച്ചു കൂട്ടിയ സർവേശ്വരന് നന്ദി പറയുകയും ചെയ്തു. അന്നേ ദിവസം ബഹു. സ്റ്റീഫൻ കുലത്തും കരോട്ട് അച്ചന്റെ നേതൃത്വത്തിൽ 3 പേരടങ്ങുന്ന ഒരു എം.സി.വൈ.എം. കമ്മിറ്റി രൂപീകരിക്കുകയും അതിൽ പ്രസിഡന്റായി ജേക്കബ് കുര്യനും സെക്രട്ടറിയായി സണ്ണി ജോൺ അലക്സാണ്ടറും ആനിമേറ്ററായി പ്രശാന്ത് കുര്യനും തിരഞ്ഞെടുക്കപ്പെട്ടു.

2020 ഡിസംബർ മാസത്തിൽ "JINGLE BELL-2020" എന്ന പേരിൽ ഓൺലൈൻ മത്സരങ്ങൾ നട ത്തുകയും അതുവഴി നിരവധി കുടുംബങ്ങളെ സഭയുമായി ചേർത്തു നിർത്തുവാൻ എം.സി.വൈ. എം. ന് സാധിക്കുകയും ചെയ്തു. ഇതേ തുടർന്ന് 2021 മാർച്ച് 15-ാം തീയതി പുതിയ ഭാരവാഹികളെ തിര ഞ്ഞെടുക്കുകയും എം.സി.വൈ.എം. കമ്മിറ്റി വിപുലീ കരിക്കുകയും ചെയ്തു. വൈസ് പ്രസിഡന്റ് - ഡെറിക് ഡാനിയേൽ, ജോയിന്റ് സെക്രട്ടറി - ലിജിൻ വർഗീസ്, ട്രഷറർ എബി എബ്രഹാം ജോർജ് എന്നിവർ പുതിയ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് സഭയുടെ വളർച്ചക്ക് അക്ഷീണം നിരന്തരം പ്രവർത്തിച്ചു വരുന്നു. ദൈവകൃപയാൽ ഈ വർഷം ന്യൂസിലാന്റിലെ മലങ്കര മക്കൾക്കായി ബഹു. ഡാനി യേൽ കുളങ്ങര അച്ചൻ ചുമതല ഏൽക്കുകയും, അച്ച നോട് ചേർന്ന് കൊണ്ട് ഏകദേശം മുപ്പതോളം യുവ ജനങ്ങൾ ഇന്ന് ന്യൂസിലാന്റ് മിഷനിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

നാട്ടിലെ സാഹചര്യങ്ങളിൽ നിന്നും വ്യത്യസ് തമായി, ഈ രാജ്യത്തിലെ വിവിധ പ്രദേശങ്ങളിലായി ചിതറിക്കിടക്കുന്ന മലങ്കര മക്കളെ കണ്ടെത്തി നമ്മുടെ മിഷനിൽ ചേർക്കുക എന്ന വലിയ ഉത്തരവാദിത്തം യുവജനങ്ങളിൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രാർത്ഥനയും അനുഗ്രഹവും മലങ്കര സഭയുടെ മേൽ എന്നും ഉണ്ടാകുവാൻ നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com



# എം.സി.വൈ.എം. കുവൈറ്റ് – പ്രവർത്തന റിപ്പോർട്ട്

കുവൈറ്റിലെ മലങ്കര സഭയുടെയും യുവജനങ്ങളുടെയും സമ്പൂർണ്ണ ഉന്നമനം ലക്ഷ്യമാക്കി കുവൈറ്റ് മലങ്കര റൈറ്റ് മൂവ്മെന്റിനോട് ചേർന്ന് 2005 ൽ യുവജ്യോതി എന്ന നാമധേയത്തിൽ ആരംഭിക്കുകയും 2017-2018 വർഷത്തിൽ അത്യഭിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ MCYM - KMRM കുവൈറ്റ് എന്ന് നാമോദയം പ്രഖ്യാപിക്കുകയും ചെയ്തു. കുവൈറ്റ് മലങ്കര റൈറ്റ് മൂവ്മെന്റിനോട് ചേർന്ന് വി. കുർബാനയിലും വിശേഷ ദിവസങ്ങളിലെ പ്രത്യേക ശുശ്രൂഷകളിലും അൾത്താര ശുശ്രൂഷകളിലും ഗായകസംഘം, വിശ്വാസ പരിശീലനം മറ്റ് എല്ലാ പ്രവർത്തനങ്ങളിലും യുവജനങ്ങൾ MCYM ഡയറക്ടർ ബഹുമാനപ്പെട്ട ജോൺ തുണ്ടിയത്ത് അച്ചന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് KMRM നോട് ചേർന്ന് പ്രവർത്തിച്ചുവരുന്നു.

യുവജനങ്ങളിലെ ആത്മീയ പ്രവർത്തനങ്ങൾ പോഷിപ്പിക്കുന്നതിനുവേണ്ടി മൂന്ന് മാസത്തിലൊരിക്കൽ ജപം എന്ന പേരിൽ പ്രാർത്ഥന സംഘടിപ്പിക്കുകയും പ്രത്യേക പ്രാർത്ഥന സഹായങ്ങൾ ആവശ്യമായ സന്ദർഭങ്ങളിൽ ചെയിൻ പ്രയർ നടത്തുകയും ചെയ്തു വരുന്നു. കൂടാതെ എല്ലാ യുവജങ്ങളും ഒരേ ബൈബിൾ വചനങ്ങൾ വർഷത്തിലെ എല്ലാ ദിവസവും അനുദിന ബൈബിൾ വായനയായി നടത്തി വരുന്നു.

എല്ലാ വർഷവും വലിയ നോമ്പിനോട് അനുബന്ധിച്ച് കുവൈറ്റിലെ MCYM യുവജനങ്ങൾ ഭക്ഷണം വർജ്ജിക്കുകയും അതിന്റെ ഭാഗമായി നാട്ടിലെ മലങ്കര സഭയുടെ വിവിധ രൂപതകൾ കേന്ദ്രീകരിച്ചുള്ള ശരണാലയങ്ങളിൽ ഈസ്റ്റർ ദിനത്തിൽ ഭക്ഷണം നൽകി വരികയും ചെയ്യുന്നു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് മാർ ഈവാനിയോസ് ടോക്ക് ജൂലൈ 1 മുതൽ 15 വരെ നടത്തി വരുന്നു.

മാർ ഈവാനിയോസ് അനുസ്മരണ യാത്ര (പദയാത്ര) കുവൈറ്റിലെ നാല് ഏരിയകളിലെ ഇടവക ദൈവാലയങ്ങളിലൂടെ സഞ്ചാരിച്ച് കുവൈറ്റ് സിറ്റി കോ-കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയും ധൂപപ്രാർത്ഥനയും നേർച്ച വിളമ്പും MCYM യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

എല്ലാവർഷവും MCYM കലണ്ടർ വിൽപ്പന,



www.malankaralibrary.com




സ്വീറ്റ് ഓഫ് സാന്താ കേക്ക് വിൽപ്പന, യുവ T 20 ക്രിക്കറ്റ് ടൂർണമെന്റ്, സ്മാഷ് ബാഡ്മിന്റൺ ടൂർണമെന്റ്, ജോസഫ് ക്രിസ്റ്റോ മെമ്മോറിയൽ ബ്ലഡ് ഡൊണേഷൻ ക്യാമ്പ്, മരുഭൂമിയിൽ നിന്നൊരു സ്നേഹ സ്പർശം (കുടുക്ക), കലോത്സവം എന്നിവ നടത്തിവരുന്നു.

### സ്നേഹവീട്

MCYM കുവൈറ്റിന്റെ യുവജനങ്ങൾ മരുഭൂമിയിൽ രാവും പകലും അധ്വാനിച്ച് കേക്ക് വില്പന, കലണ്ടർ വില്പന, ക്രിക്കറ്റ് ടൂർണമെന്റ്, ബാഡ്മിന്റൺ ടൂർണമെന്റ് എന്നിവ നടത്തുകയും ചെറുകുടുക്കകളിലായി പണം സ്വരൂപിച്ചും കഴിഞ്ഞ രണ്ടു വർഷങ്ങളിലായി നിർധനരായ 2 കുടുംബങ്ങൾക്ക് ഭവനം നിർമ്മച്ച് നൽകുവാൻ സാധിച്ചു.



2021 ൽ മാർത്താണ്ഡം രൂപതയിൽ കന്യാകുമാരി ജില്ലയിലെ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിലെ ഒരു കുടുംബത്തിനും 2022 ൽ പത്തനംതിട്ട രൂപതയിലെ ഗുരുനാഥൻ മണ്ണ് സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദൈവാലയത്തിലെ ഒരു കുടുംബത്തിനും ഭവനം നിർമ്മിച്ച് നൽകുവാൻ സാധിച്ചു. 2023 വർഷത്തെ ഭവന പദ്ധതികൾക്ക് തുടക്കം കുറിച്ച് കഴിഞ്ഞു.



ഇവ കൂടാതെ കുവൈറ്റ് മലങ്കര റൈറ്റ് മൂവ്മെന്റ് (KMRM) സംഘടിപ്പിക്കുന്ന എല്ലാ പൊതു പരിപാടികളിലും, ദൈവാലയ ശുശ്രൂഷകളിലും MCYM അംഗങ്ങളുടെ സജീവ സാന്നിധ്യവും പങ്കാളിത്തവും ഉണ്ട്.

MCYM കുവൈറ്റിന്റെ വാട്സ് ആപ്പ് ഗ്രൂപ്പിൽ 180 അംഗങ്ങൾ ഉണ്ടെങ്കിൽ പോലും അബ്ബാസിയ, സാൽമിയ, അഹമ്മദി, സിറ്റി ഏരിയകളിലായി അറുപതോളം യുവജനങ്ങൾ സജീവമായി പ്രവർത്തിച്ചു വരുന്നു.

സർവ്വശക്തനായ ദൈവത്തിന് നന്ദി അർപ്പിച്ചുകൊണ്ടും പരിശുദ്ധ കന്യക മറിയാമിന്റെയും യുവജനങ്ങളുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെയും മധ്യസ്ഥം യാചിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഏവരുടെയും അറിവിനായി സമർപ്പിക്കുന്നു.


www.malankaralibrary.com

# MCYM GERMANY - ANNUAL REPORT 2022

**MCYM** Germany, under the leadership of Rev. Fr. Joseph Chelampar ambath (Director of MCYM Germany), is actively pursuing the virtues of Jesus and continuing to grow in a joyful spirituality within the community of Syro-Malankara Catholic Church Germany.

MCYM in Germany had its restruc turing in July 2021; as a part of the restructuring process, Rev. Fr. Joseph Chelamparambath was appoint ed as the director of MCYM in Germany. Under his leadership, five units were formed in Bonn, Frankfurt, Heidelberg, Dortmund and Krefeld. The dedication of its leaders and the contribution of its members indeed brought a fresh awakening of the faith in the youth across Germany, and many youths were attracted to the charisms of the movement.

All five MCYM units actively participated in various classes, discuss ions and cultural programmes at the Malankara Catholic Convention held in Bonn from June 1 to 3, 2022. The Badminton championship was conducted during the convention under the stewar dship of MCYM. Heilderberg unit won the Mar Ivanios ever-rolling championship trophy, and it was decided to run this badminton championship every year. MCYM members worked tirelessly for the anniversary celebrations of the Malankara Catholic Reunification in Germany, which was held on September 25, 2022, in Dortmund. Members from different MCYM units on the reunification day cultural event performed several cultural programs like dance, skits, songs etc. MCYM Day was celebrated in the parishes; many members actively

www.malankaralibrary.com

participated in the sight offering and MCYM anthem pledge. Each unit had many activities in 2022; such activities/ programs include but are not limited to monthly prayer meetings, holy week special events, youth conferences, summer camps, pilgrimage trips, Christ mas carols, and many more.

On 30 September 2022, a general election was conducted. Committee members from every unit participated and elected the following members for the MCYM Germany Central committee, Fr. Joseph Chelamparambath (Director), Sr. Merin (Animator), Jijo Kalapurackal (President), Shibu Issac (Vice president), Treesa Mary Joseph (Secretary), Sijo Huben (Joint secretary) and Dixon P V Jose (Treasure). Under the leadership of the newly sworn-in members took many initiatives and were fully committed to accomplishing great things for the movement. As such, the first initiative was to conduct a monthly online Prayer meeting to recite the Rosary prayers (Ignite) held every 3rd Friday of the month in the presence of priests and sisters under the supervision of MCYM members. The meeting on October 5th discussed action plans for the next year, 2023. On 22nd December 2022, MCYM Germany finalised and published its annual master plan for 2023.

Christmas carol service was organised and conducted in the following Malankara communities by the leadership of MCYM Units in Heidelberg, Frankfurt and Koln /Bonn. On 27th December 2022, MCYM Germany condu cted an online Christmas special event called "The star of Bethlehem" to celebrate Christmas together, presented video recordings from the carol competition and declared the winners of the 2022 Christmas carol competition in which; all five units have participated. The Frankfurt unit won 1st place, The Heide lberg unit won 2nd place, and the Dortm und unit won 3rd place in the carol competition, many attended this prog ram, including priests, sisters, parents, and children, and around 40 to 50 youths across Germany participated in this program via the zoom platform. Mr. Sunil Koshy, a playback singer and music director from Kerala, was the chief guest and delivered a music and mental health session. It was an excellent session that inspired many youths and the like to lead a happy life in their busy lifestyle through music practice and other hobbies. A special Christmas message from His Excellency Most Rev. Mathews Mar Polycarpos, the youth commission chairman, was broadcasted during the program. The year 2022 ended with much hope for the coming year 2023, where MCYM Germany will thrive for excellent accomplishments.

# സഭാതലസമിതി

## നാമഹേതുക തിരുനാൾ



നാമഹേതുക തിരുനാൾ ആഘോഷിച്ച യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് പിതാവിനെ സഭാതല സമിതി ഭാരവാഹികൾ സന്ദർശിക്കുകയും യുവജന കുടുംബ ത്തിന്റെ പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

## വികാരി ജനറാളിന് ആശംസകൾ





തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ വികാരി ജനറാളായി നിയമിതനായ എം.സി.വൈ.എം. സഭാതല സമിതിയുടെ മുൻ ഡയറക്ടർ പെരിയ ബഹു മാനപ്പെട്ട തോമസ് കയ്യാലക്കൽ അച്ചനെ സഭാതല സമിതിയുടെ നേതൃത്വത്തിൽ സന്ദർശിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

## ആശംസകൾ







## നന്ദി




www.malankaralibrary.com



## തിരുവനന്തപുരം മേജർ അതിഭദ്രാസനം

### പുതിയ ഡയറക്ടറച്ചന്മാരുടെ സത്യപ്രതിജ്ഞ




എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പുതിയ ഡയറക്ടർ അച്ചൻമാർ 2023 ഫെബ്രുവരി 17-ാം തീയതി വെള്ളിയാഴ്ച ഉച്ചക്ക് 3.00 മണിക്ക് പട്ടം തിരുസന്നിധിയിൽ വച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അധ്യക്ഷനുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ തിരുമനസ്സിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു ശുശ്രൂഷ ഏറ്റെടുത്തു. എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പുതിയ ഡയറക്ടറായി ബഹുമാനപ്പെട്ട ജോസഫ് തോട്ടത്തുംകടയിൽ അച്ചൻ, അസിസ്റ്റന്റ് ഡയറക്ടറായി ബഹുമാനപ്പെട്ട അലോഷ്യസ് തെക്കേടത്ത് അച്ചൻ എന്നിവർ സത്യവാചകം ചൊല്ലി വിശുദ്ധ ബൈബിൾ ചുംബിച്ചുകൊണ്ട് ചുമതലകൾ ഏറ്റെടുത്തു. മേജർ അതിഭദ്രാസന ഭാരവാഹികൾ സന്നിഹിതരായിരുന്നു.





### നിയുക്ത ഭാരവാഹികളുടെ സത്യപ്രതിജ്ഞ

എം.സി.വൈ.എം തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതി,നിയുക്ത ഭാരവാഹികൾ 2023 ഫെബ്രുവരി 17-ാം തീയതി വെള്ളിയാഴ്ച ഉച്ചക്ക് 3.00 മണിക്ക് പട്ടം തിരുസന്നിധിയിൽ വച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അധ്യക്ഷനുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ തിരുമനസ്സിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു ശുശ്രൂഷ ഏറ്റെടുത്തു. മേജർ അതിഭദ്രാസന ജനറൽ സെക്രട്ടറിയായി ബിനോ റ്റി. ഗിൽബർട്ട്, മേജർ അതിഭദ്രാസന കെ.സി.വൈ.എം. സിൻഡിക്കേറ്റായി ഷാരോൺ കെ. റെജി എന്നിവർ സത്യവാചകം ചൊല്ലി വിശുദ്ധ ബൈബിൾ ചുംബിച്ചുകൊണ്ട് തങ്ങളുടെ ചുമതലകൾ ഏറ്റെടുത്തു അതിഭദ്രാസന ഡയറക്ടർ ബഹുമാനപ്പെട്ട ജോസഫ് തോട്ടത്തുംകടയിൽ അച്ചൻ, അസിസ്റ്റന്റ് ഡയറക്ടർ ബഹുമാനപ്പെട്ട അലോഷ്യസ് തെക്കേടത്ത് അച്ചൻ, മേജർ അതിഭദ്രാസന പ്രസിഡന്റ് രഞ്ജിത ആർ. ജെ., മേജർ അതിഭദ്രാസന ആനി











മേറ്റർ സിസ്റ്റർ ദിവ്യ ജോസ് ഡി. എം. എന്നിവർ സന്നിഹിതരായിരുന്നു

## കെ.സി.വൈ.എം സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനം

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ 45-മത് വാർഷിക സെനറ്റ് സമ്മേളനം എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ ആതിഥേയത്വത്തിൽ ഫെബ്രുവരി 17, 18, 19 തീയതികളിൽ നാലാഞ്ചിറ റിന്യൂവൽ സെന്ററിൽ വച്ച് നടത്തി. എല്ലാ ക്രമീകരണങ്ങളും ചെയ്തു നൽകി കെ.സി.വൈ.എം. സംസ്ഥാന സമിതിയോടൊപ്പം ആയിരിക്കുവാൻ എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിക്ക് സാധിച്ചു. കെ.സി.വൈ.എം. സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനത്തിൽ എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതി അംഗങ്ങൾ പങ്കെടുക്കുകയും 2022 ജൂലൈ മുതൽ 2022 ഡിസംബർ വരെയുള്ള പ്രവർത്തന റിപ്പോർട്ട് മേജർ അതിഭദ്രാസന ജനറൽ സെക്രട്ടറി ബിനോ റ്റി. ഗിൽബർട്ട് അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് നടന്ന കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ എം.സി. വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയിൽ നിന്നുള്ള കെ.സി.




വൈ.എം സിൻഡിക്കേറ്റ് അംഗം ഷാരോൺ കെ. റെജി 2023 വർഷത്തെ കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

## മൂന്നാം മണി




അന്ധകാരത്തിന്റെ നടുവിലേയ്ക്ക്... ലോകത്തിന്റെ പ്രകാശമായവൻ മരണത്തെ പരാജയപ്പെടുത്തിയ സന്ദേശം പങ്കുവച്ചുകൊണ്ട് എം.സി.വൈ.എം തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പരിശുദ്ധ വലിയ നോമ്പിനോട് അനുബന്ധിച്ച് നടത്തപ്പെടുന്ന മൂന്നാം മണിയ്ക്ക് തുടക്കമായി.യുവജങ്ങൾ ആത്മശോധന നടത്തി വിശുദ്ധിയിലൂടെ ഒരുങ്ങുന്നതിനു വേണ്ടി എല്ലാ ദിവസവും വൈകുന്നേരം 3.00 മണിയ്ക്ക് സാമൂഹിക മാധ്യമങ്ങളിലൂടെയാണ് ശുശ്രൂഷ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

## തിരുവല്ല അതിഭദ്രാസനം

### നിയുക്ത ഭാരവാഹികളുടെ സത്യപ്രതിജ്ഞ





എം.സി.വൈ.എം തിരുവല്ല അതിഭദ്രാസന സമിതി, നിയുക്ത ഭാരവാഹികളുടെ സത്യപ്രതിജ്ഞ 2023 ഫെബ്രുവരി 4–ാം തീയതി ശനിയാഴ്ച ഉച്ചക്ക് 3.00 മണിക്ക് മേരിഗിരി അരമനയിൽ വച്ച് അതിഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിന്റെ മുൻപാകെ നടത്തപ്പെട്ടു.

അതിഭദ്രാസന ജനറൽ സെക്രട്ടറിയായി മല്ലപ്പള്ളി മേഖല സിൻഡിക്കേറ്റ് അംഗം പ്രിയ മോൾ രാജൻ, അതിഭദ്രാസന ട്രഷറർറായി വെണ്ണിക്കുളം മേഖല സിൻഡിക്കേറ്റ് അംഗം ഷാനിമോൾ, അതിഭദ്രാസന സെക്രട്ടറിയായി നിരണം മേഖല സിൻഡിക്കേറ്റ് അംഗം റീബ ജോൺ എന്നിവർ സത്യവാചകം ചൊല്ലി വിശുദ്ധ ബൈബിൾ ചുംബിച്ചുകൊണ്ട് തങ്ങളുടെ ചുമതലകൾ ഏറ്റെടുത്തു. അതിഭദ്രാസന ഡയറക്ടർ ഫാ. ഏബ്രഹാം തൈപ്പറമ്പിൽ, അതിഭദ്രാസന പ്രസിഡൻറ് ശ്രീ. ജോബിൻ ജോസ്, എം.സി.വൈ.എം. സഭാതല വൈസ് പ്രസിഡന്റ് ശ്രീമതി ടീന കെ.എസ്., അതിഭദ്രാസന വൈസ് പ്രസിഡന്റ് മറിയം തോമസ് എന്നിവർ സന്നിഹിതരായിരുന്നു.

www.malankaralibrary.com



## സ്വാഗതം




2023 ഫെബ്രുവരി 12 ന് വൈകുന്നേരം 4 മണിക്ക് പുല്ലാട് സെന്റ് ആന്റണീസ് മലങ്കര കത്തോലിക്കാ ഇടവകയിൽ വച്ച് നടന്ന സെക്രട്ടറിയേറ്റ് യോഗത്തിൽ എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ പുതിയ അസിസ്റ്റന്റ് ഡയറക്ടർ ചെറിയാൻ കുരിശുംമൂട്ടിൽ അച്ചനെ സ്വാഗതം ചെയ്തു.



## എം.സി.വൈ.എം. സ്ഥാപകദിനാഘോഷവും തീം പഠനവും

മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനം എം.സി.വൈ.എം.ന്റെ 55-ാം സ്ഥാപകദിനാഘോഷവും തീം പഠനവും ഫെബ്രുവരി 26, ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം തിരുവല്ല ശാന്തിനിലയത്തിൽ വച്ച് നടത്തപ്പെട്ടു. അതിഭദ്രാസന യൂത്ത് കോർഡിനേറ്റർ സിസ്റ്റർ അലീന എസ്.ഐ.സി. എം.സി.വൈ.എം.











പതാക ഉയർത്തി. അതിഭദ്രാസന ജനറൽ സെക്രട്ടറി പ്രിയമോൾ രാജൻ ഏവർക്കും സ്വാഗതം ആശംസിച്ചു. തിരുവല്ല അതിഭദ്രാസന അധ്യക്ഷൻ അഭി. ഡോ. തോമസ് മാർ കൂറിലോസ് പിതാവ് ആഘോഷ പരിപാടികളുടെ ഉദ്ഘാടനം കേക്ക് മുറിച്ചു നിർവ്വഹിച്ചു. 'പരിശുദ്ധ മറിയത്തെപ്പോലെ തിടുക്കത്തോടും ഉത്സാഹത്തോടുംകൂടെ യുവജന സഭാ ശുശ്രൂഷകളിൽ ആയിരിക്കാൻ' പിതാവ് ഏവരെയും ആഹ്വാനം ചെയ്തു.

അതിഭദ്രാസന ഡയറക്ടർ റവ. ഫാ. ജോസ് തൈപ്പറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ചെറിയാൻ കുരിശുംമൂട്ടിൽ ആശംസകൾ നേർന്നു.

അതിഭദ്രാസന സമിതിയിൽ നിന്നും കേരള കത്തോലിക്കാ യുവജന പ്രസ്ഥാനം (കെ.സി.വൈ.എം.) സംസ്ഥാന സെക്രട്ടറി സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ട മറിയം റ്റി. തോമസിനെ അഭിവന്ദ്യ കൂറിലോസ് പിതാവ് പൊന്നാട അണിയിച്ച് ആദരിച്ചു. എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന പ്രസിഡന്റ് ജോബിൻ ജോസ് സ്ഥാപകദിനാഘോഷ പരിപാടികൾക്ക് അധ്യക്ഷത വഹിച്ചു.

തുടർന്ന് 'യുവജനങ്ങളെ ഉണരൂ; തിടുക്കത്തിൽ

www.malankaralibrary.com



ഒന്നിച്ചു മുന്നേറാം' എന്ന ഈ വർഷത്തെ തീം ആസ്പദമാക്കി പഠന ശിബിരം നടന്നു. എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന സെക്രട്ടറിയേറ്റ് അംഗങ്ങൾ ക്ലാസുകൾ നയിച്ചു. അതിഭദ്രാസന ട്രഷറർ ഷാനി മോൾ സാനു ഏവർക്കും കൃതജ്ഞത രേഖപ്പെടുത്തി.

അതിഭദ്രാസനത്തിലെ വിവിധ മേഖലകളിലെ പ്രസിഡന്റ് - സെക്രട്ടറിമാർ റിസോഴ്സ് പേഴ്സൺ മിനിസ്ട്രിയിലെ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

### പ്രതിഷേധം




കാസർഗോഡ് വിശുദ്ധ ബൈബിൾ അഗ്നിക്കിരയാക്കിയ സംഭവത്തെ എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന സമിതി അപലപിച്ചു. വിശ്വാസ സമൂഹത്തെ ഒന്നാകെ അവഹേളിക്കുകയും സമൂഹത്തിൽ നിലനില്ക്കുന്ന മതസൗഹാർദ്ദവും സമാധാനവും നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തത് ദൗർഭാഗ്യകരമാണ്. ക്രൈസ്തവ മൂല്യങ്ങളെ മുറുകെപിടിച്ചുകൊണ്ടു തന്നെ, ഇതിനെതിരെ പ്രവർത്തിക്കുവാൻ യുവജന സഭ സന്നദ്ധരാണ്.

ഒരു ബൈബിൾ നശിപ്പിക്കപ്പെട്ടതിനു പകരമായി നൂറു ബൈബിൾ നിർമ്മിച്ച് നൽകുക അത് വഴി വചനം കൂടുതൽ പേരുടെ കൈകളിലേക്ക് എത്തുവാൻ കാരണമാകുക എന്ന ലക്ഷ്യത്തോടെ ഫിയാത് മിഷനുമായി കൈകോർത്ത് യുവജന സഭ പ്രവർത്തിക്കുകയാണ്. ഇതിന്റെ ആദ്യപടിയായി പുല്ലാട് യൂണിറ്റിൽ നിന്നും ശേഖരിച്ച പഴയ പേപ്പറുകൾ അതിഭദ്രാസന പ്രസിഡന്റ് ജോബിൻ ജോസ് അതിഭദ്രാസന യൂത്ത് കോർഡിനേറ്റർ സിസ്റ്റർ അലീന എസ്.ഐ.സി യ്ക്കു നൽകി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

തുടർന്ന് ചെറിയാൻ കുരിശുംമൂട്ടിൽ അച്ചൻ ആഘോഷമായ ബൈബിൾ പ്രതിഷ്ഠയും നടത്തുകയുണ്ടായി.

എല്ലാ മേഖലകളേയും യൂണിറ്റുകളേയും ഈ യജ്ഞത്തിൽ പങ്കാളികളാകാൻ ക്ഷണിക്കുന്നു. വിശ്വാസത്തിന്റെ പോരാളികളായി വർത്തിക്കുവാൻ നമുക്കേവർക്കും സാധിക്കട്ടെ.

### അഭിനന്ദനങ്ങൾ




### പത്തനംതിട്ട ഭദ്രാസനം


### കെ.സി.വൈ.എം. വാർഷിക സെനറ്റ്

2023 ഫെബ്രുവരി 17, 18, 19 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്ന കെ.സി.വൈ.എം.

www.malankaralibrary.com

# വാർത്തകൾ





വാർഷിക സെനറ്റിൽ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി പങ്കെടുത്ത്, ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

## പത്രപ്രസ്താവന


എം.സി.വൈ.എം
പത്തനംതിട്ട ഭദ്രാസനം
Malankara Catholic Youth Movement
Diocese of Pathanamthitta

പത്രപ്രസ്താവന

Cir No: 01/2023 Dated on : 05.02.2023

Malankara Catholic Youth Movement (M.C.Y.M) Diocese of Pathanamthitta

ഭാരതത്തിന്റെ മതേതര സംസ്കാരത്തെ തച്ചുടച്ചുകൊണ്ട് മതസ്പർദ്ധ വളർത്തുന്ന രീതിയിൽ ക്രൈസ്തവ ജീവിതത്തിന്റെ ആധാരമായ വിശുദ്ധ ബൈബിൾ കത്തിച്ചുകൊണ്ട് അതിന്റെ ദൃശ്യങ്ങൾ നവമാധ്യമങ്ങളിൽ കൂടി പങ്കുവെച്ച കാസർകോട് സ്വദേശി മുസ്തഫയുടെ പ്രവർത്തി, മതേതര സംസ്കാരത്തിനെതിരെയുള്ള വെല്ലുവിളി. ഈ വിഷയത്തിൽ ഭരണകൂടം ക്രിയാത്മകമായി ഇടപെട്ടുകൊണ്ട്, ഒരു വിഭാഗത്തിന്റെ മതവിശ്വാസത്തെ വ്രണപ്പെടുത്തുന്ന രീതിയിൽ സോഷ്യൽ മീഡിയയിൽ പ്രചരിച്ചുകൊണ്ടിരിക്കുന്ന ദൃശ്യങ്ങൾ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുകയെന്ന് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി പത്രപ്രസ്താവനയിറക്കി ആവശ്യപ്പെട്ടു.

## അസാധാരണ സെനറ്റ് സമ്മേളനം










എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ അസാധാരണ സെനറ്റ് സമ്മേളനം 25-02-2022 ശനിയാഴ്ച രാവിലെ 9 മണി മുതൽ കിഴവള്ളൂർ സെന്റ് പീറ്റേഴ്സ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തി. ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ് അധ്യക്ഷത വഹിച്ച സെനറ്റ് സമ്മേളനത്തിൽ, പത്തനംതിട്ട ഭദ്രാസനത്തിലെ വിവിധ

www.malankaralibrary.com



വൈദിക ജില്ലയിലെ ഭാരവാഹികൾ പങ്കെടുത്തു. എം.സി.വൈ.എം. പ്രസ്ഥാനത്തിന്റെ ഭദ്രാസനതല ഭരണഘടന ഭേദഗതി സംബന്ധിച്ച് നടന്ന അസാധാരണ സെനറ്റ് സമ്മേളനത്തിന് ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ, ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം, ഭദ്രാസന ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

### യൂണിറ്റ് സന്ദർശനം



എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം കോന്നി വൈദിക ജില്ലയിലെ അട്ടച്ചാക്കൽ യൂണിറ്റ് ഫെബ്രുവരി മാസം 26 ന് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ്, ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം, ട്രഷറർ ലിജോ ഫിലിപ്പ് എന്നിവർ യൂണിറ്റ് സന്ദർശനത്തിന് നേതൃത്വം നൽകി.

## മാവേലിക്കര ഭദ്രാസനം

### പ്രതിഷേധ സദസ്സും പ്രതിഷേധ റാലിയും



ക്രൈസ്തവരുടെ വിശുദ്ധ ഗ്രന്ഥമായ വി. ബൈബിളിനെ കാസർകോട് സ്വദേശി അവഹേളിക്കുകയും അഗ്നിക്കിരയാക്കുകയും ചെയ്ത സംഭവത്തിനെതിരെ എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 2023 ഫെബ്രുവരി 5 ഞായറാഴ്ച്ച വൈകുന്നേരം 5 മണിക്ക് ചാരുമൂട് ജംഗ്ഷനിൽ പ്രതിഷേധ സദസ്സും പ്രതിഷേധ റാലിയും സംഘടിപ്പിച്ചു. എം.സി.വൈ.എം. ഭദ്രാസന പ്രസിഡന്റ് ശ്രീ. ജിതിൻ ഷാജിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന് ജനറൽ സെക്രട്ടറി ശ്രീ. രഞ്ചു രാജു സ്വാഗതം ആശംസിക്കുകയും ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് മുകളുംപുറത്ത് ആമുഖ പ്രഭാഷണം നടത്തുകയും ചെയ്തു. എം.സി.വൈ.എം. സഭാതല ഡയറക്ടർ റവ. ഫാ. എബ്രഹാം മേപ്പുറത്ത് ഉദ്ഘാടനം ചെയ്ത യോഗത്തിന് എം.സി.വൈ എം. സഭാതല മുൻ ഡയറക്ടർ റവ. ഫാ. ജോബ് കല്ലുവിള മുഖ്യപ്രഭാഷണം നടത്തി. ശേഷം സമാപന സന്ദേശം വന്ദ്യ യൂഹാനോൻ പുത്തൻ വീട്ടിൽ റമ്പാൻ നൽകി. യോഗത്തിന് ഭദ്രാസന ട്രഷറർ കിച്ചു തോമസ് നന്ദി അറിയിച്ചു. തുടർന്ന് പ്രതിഷേധ റാലി നടത്തപ്പെട്ടു. സമ്മേളനത്തിൽ റവ. ഫാ. ജോൺ വൈപ്പിൽ, റവ. ഫാ. നെബു, റവ. ഫാ. റോബട്ട് പാലവിള, റവ. ഫാ. ജോൺ അയനുവേലിൽ, റവ. ഫാ. തോമസ് പുത്തൻപറമ്പിൽ, റവ. ഫാ. ജെയിൻ തെങ്ങുവിള, റവ. ഫാ. ഗീവർഗ്ഗീസ് ചാക്കപൂട്ടിൽ, റവ. ഫാ. വർഗ്ഗീസ് കൊച്ചുകളീക്കൽ, റവ. ഫാ. ഗീവർഗ്ഗീസ് ചരുവിള, റവ. ഫാ. ഡാനിയേൽ തെക്കേടത്ത്, റവ. ഫാ. ബെന്നി വെളുന്തറ ഒ.ഐ.സി., റവ. ഫാ. ജോൺ തോട്ടത്തിൽ, റവ. ഫാ. സാം ജി. പരുവേലിൽ എന്നിവർ സന്നിഹിതരായിരുന്നു.

### നോമ്പുകാല പ്രാർത്ഥനയും വിശുദ്ധ കുമ്പസാരവും

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നോമ്പുകാല പ്രാർത്ഥനയും വിശുദ്ധ കുമ്പസാരവും കൊല്ലം, കടമ്പനാട്, പുത്തൂർ വൈദിക ജില്ലകളികലെ യുവജനങ്ങൾക്കായി പുത്തൂർ വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ മാറനാട്, സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് 2023 ഫെബ്രുവരി 26 ന് നടത്തി. ബ്രദർ. വർഗീസ് ഓരിപുറം ധ്യാനം നയിച്ചു. നോമ്പ് കാലം യേശുവിനെ കാണുവാനും കേൾക്കുവാനും അനുഗമിക്കാനും ദൈവത്തിന്റെ കരവലയത്തിൽ വരാനുമുള്ള സമയമാണെന്നും പഠിപ്പിച്ച് തന്ന ധ്യാനം. തുടർന്ന് വിശുദ്ധ കുർബാനയുടെ ആരാധനയും വിശുദ്ധ കുമ്പസാരവും നടത്തപ്പെട്ടു. എം.സി. വൈ.എം. മാവേലിക്കര ഭദ്രാസന ഡയറക്ടർ റവ. ഫാ.



വർഗീസ് മുകുളുംപുറത്ത് വിശുദ്ധ കുർബാനയുടെ ആരാധനയ്ക്ക് നേതൃത്വം നൽകി.

## കെ.സി.വൈ.എം. സംസ്ഥാന സെനറ്റ് സമ്മേളനം



നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ വച്ച് 2023 ഫെബ്രുവരി 17,18,19 തീയതികളിൽ നടന്ന കെ.സി.വൈ.എം. വാർഷിക സെനറ്റിൽ എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതി പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

## മെമ്പർഷിപ്പ് ക്യാമ്പയിൻ ഉദ്ഘാടനം



2023 വർഷത്തെ മെമ്പർഷിപ്പ് ക്യാമ്പയിൻ ഉദ്ഘാടനം കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷാരോൺ കെ. റെജി നിർവഹിച്ചു. എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന ആനിമേറ്റർ റവ. സി. സജീവ എസ്.ഐ.സി., പ്രസിഡന്റ് ശ്രീ. ജിതിൻ ഷാജി, ജനറൽ സെക്രട്ടറി ശ്രീ. രഞ്ചു രാജു, ട്രഷറർ ശ്രീ. കിച്ചു തോമസ്, കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറി ശ്രീ. ഷിബിൻ ഷാജി മറ്റ് ഭദ്രാസന സമിതി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## അനുമോദന യോഗം



എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി ചുമതലയേറ്റ റവ. ഫാ. ജോൺ അയണുവേലിനും കെ.സി.വൈ.എം.

www.malankaralibrary.com



സംസ്ഥാന സമിതി സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ഭദ്രാസനസമിതിയംഗം ശ്രീ. ഷിബിൻ ഷാജിക്കും എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനം അനുമോദനം നൽകി. ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് മുകുളുംപുറത്തിന്റെ സാന്നിധ്യത്തിൽ ഭദ്രാസന പ്രസിഡന്റ് ശ്രീ. ജിതിൻ ഷാജി അനുമോദനങ്ങൾ അറിയിച്ച് സംസാരിക്കുകയും മാറനാട് എം.സി.വൈ. എം. ഡയറക്ടർ റവ. ഫാ. മാത്യു ചെങ്കിലാത്ത് റവ. ഫാ. ജോൺ അയണുവേലിനും ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ. രഞ്ചു രാജു ശ്രീ. ഷിബിൻ ഷാജിക്കും പൊന്നാട അണിച്ച് ആദരം അറിയിച്ചു.

### സ്വാഗതം




എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായ റവ. ഫാ. ജോൺ അയണുവേലിലിന് പ്രാർത്ഥനാശംസകൾ.

## കുവൈറ്റ്

### യുവ T20 സീസൺ 10 ക്രിക്കറ്റ് ടൂർണമെന്റ്

എം.സി.വൈ.എം – കെ.എം.ആർ.എം. സംഘടിപ്പിച്ച തായ്ബ യുവ T20 സീസൺ 10 ക്രിക്കറ്റ് ടൂർണമെന്റ് സമാപിച്ചു. 5 ആഴ്ചകളിലായി നടന്ന മത്സരത്തിൽ 4 ഗ്രൂപ്പുകളിലായി 16 ടീമുകൾ പങ്കെടുത്തു. തുടർച്ചയായ അഞ്ചാം തവണയും കൊച്ചിൻ ഹരിക്കെയിൻസ് ടൂർണമെന്റിൽ വിജയികളാകുകയും ടീം റോയൽ സ്റ്റാർ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. എം.സി.വൈ.എം പ്രസിഡന്റ് ശ്രീ. ലിബിൻ കെ. ബെന്നി, ശ്രീ. ഷിബു ജേക്കബ്, ശ്രീ. അജി വർഗീസ്, ശ്രീ. ഷൈജു നിലയ്ക്കൽ, ശ്രീ. അനു വർഗീസ്, ശ്രീ. ഷിബു പാപ്പച്ചൻ, ശ്രീ. ജെയിംസ് കെ. എസ്., ശ്രീ. ജിൽറ്റോ ജയിംസ് എന്നിവർ ടൂർണമെന്റിന് നേതൃത്വം നൽകി.



അർദിയ ഗ്രൗണ്ടിൽ നടന്ന സമാപന ചടങ്ങ് എം.സി.വൈ.എം ഡയറക്ടർ ബഹുമാനപ്പെട്ട ജോൺ തുണ്ടിയത്ത് അച്ചൻ ഉദ്ഘാടനം ചെയ്തു. പ്രസ്തുത ചടങ്ങിൽ ടൂർണമെന്റിന്റെ സ്പോൺസർമാരായ തയ്ബ ഹോസ്പിറ്റൽ, ഓൺ കോസ്റ്റ്, അൽ മുല്ല എക്സ്ചേഞ്ച് എന്നിവരുടെ പ്രതിനിധികളും കെ.എം.ആർ. എം – എം.സി.വൈ.എം. ഭാരവാഹികളും നിരവധി അംഗങ്ങളും പങ്കെടുക്കുകയുണ്ടായി. വിജയികൾക്ക് ട്രോഫിയും മെഡലുകളും ക്യാഷ് അവാർഡുകളും വിതരണം ചെയ്തു.

ടൂർണമെന്റിന്റെ പത്താം സീസണിന്റെ ഭാഗമായി, സ്മരണിക പ്രകാശനം ചെയ്തതോടൊപ്പം മുൻ സീസണുകളിലെ കൺവീനർമാരായിരുന്നവരെയും, കുവൈറ്റ് നാഷണൽ ക്രിക്കറ്റ് ടീമിൽ അംഗങ്ങളായിരിക്കുന്ന മലയാളി താരങ്ങളെയും ആദരിച്ചു.

## ജർമനി

**Congratulations to the newly elected Office bearers of the MCYM Germany Region.**

